# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3812** 21.06.2018-ൽ മറുപടിക്ക്

### കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ സർക്കാർ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിൻശേഷം 336.75 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേക്കായി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ കൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടു കൂടി കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഉപയോഗക്ഷമത 95% ഉയരുന്നതാണ്. കൂടാതെ 26.22 ലക്ഷം കിലോഗ്രാം ഉൽപ്പാദനവും 62.37 കോടി രൂപയുടെ ആകെവിൽപ്പനയും 216.95 ലക്ഷം രൂപയുടെ അറ്റാദായവും പ്രതീക്ഷിക്കുന്നു. |
| (സി) നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശേഷിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) നവീകരണപ്രവർത്തനങ്ങളുടെ അവസാനഘട്ടത്തിനായുള്ള ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും പിരിഞ്ഞ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കടിശ്ശിക നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും പിരിഞ്ഞ 117 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കടിശ്ശികയായി 252.56 ലക്ഷം രൂപ നൽകുവാനുണ്ട്. |

| | |
|---|---|
| (ഇ) വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഇ) മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ